## (58.) നാരങ്ങാനം സെന്റ് മേരീസ് മലങ്കര സുറിയാനി കാത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

എ.ഡി 52 ൽ ക്രിസ്തുശിഷ്യനായ മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ മലങ്കരയിലെ സഭ പിന്നീട് ഉണ്ടായ കൂനൻകുരിശ് സത്യത്തോടുകൂടി പുത്തൻകൂറ് എന്നും പഴയകൂറ് എന്നും രണ്ടായി പിളർന്നു. ഇതിൽ പുത്തൻകൂറ് വിഭാഗത്തിൽ പിന്നീട് ഓർത്തഡോക്സ്, യാക്കോബായ തർക്കങ്ങൾ രൂപം കൊള്ളുകയും മെത്രാൻകക്ഷി, ബാവാകക്ഷി എന്നിവയിലുള്ള ഈ തർക്കങ്ങൾ കോടതികളിലേക്കും വ്യവഹാരങ്ങളിലേക്കും നിരന്തരം നീങ്ങുകയും ചെയ്തു. ആരാധനയ്ക്കു പോലും തടസ്സം നേരിട്ടിരുന്ന ഒരു സാഹചര്യത്തിൽ സഭയുടെ പൈതൃകം വീണ്ടെടുക്കുന്നതിനും ആദ്ധ്യാത്മീകമായ പാരമ്പര്യം വീണ്ടെടുക്കുന്നതിനും സഭകൾ തമ്മിലുള്ള ഐക്യത്തിലൂടെ മാത്രമേ സംജാതമാകൂ എന്ന് ദൈവപ്രേരണയാൽ തിരിച്ചറിഞ്ഞ ദൈവദാസനായ മാർ ഈവാനിയോസ് പിതാവ് 1930 സെപ്റ്റംബർ 20 ന് കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടു. 1930 ഒക്ടോബറിൽ നാരങ്ങാനം പ്രദേശത്തെ കുറെയധികം കുടുംബങ്ങൾ ഇതിൽ ആകൃഷ്ഠരായി പുനരൈക്യ പ്രസ്ഥാനത്തിന് അംഗങ്ങളായി.

**<u>ഇടവകയിലെ ആദ്യ പുനരൈക്യപ്പെട്ട കുടുംബങ്ങൾ.</u>**

| | | |
|---|---|---|
| 1. ചെറിയാൻ തോമസ് | - | നെടിയപറമ്പിൽ |
| 2. കോരുത് മത്തായി | - | വലിയകുളത്തുങ്കൽ |
| 3. ചെറിയാൻ പോത്തൻ | - | നെടിയപറമ്പിൽ |
| 4. വർക്കി വർഗീസ് | - | കാരിക്കൽ മേമുറിയിൽ |
| 5. ചെറിയാൻ പീലിപ്പോസ് | - | നെടിയപറമ്പിൽ |
| 6. ചെറിയാൻ ഏബ്രഹാം | - | നെടിയപറമ്പിൽ |
| 7. മത്തായി തോമ | - | ചക്കുങ്കൽ |
| 8. കോശി വർഗീസ് | - | ചക്കുങ്കൽ മരുപ്പേൽ |
| 9. കുര്യൻ ഇക്കാ | - | കൊച്ചുതുണ്ടിയിൽ |

നാരങ്ങാനം നെടിയപറമ്പിൽ തോമസ് സാറായിരുന്നു അന്ന് ഇവിടെ വസ്തു വാങ്ങുന്നതിനും, പള്ളി വെയ്ക്കുന്നതിനും വളരെയധികം ഉത്സാഹിച്ചതും, പരിശ്രമിച്ചതും. ഇടവകയുടെ നടുത്തൂൺ എന്നു തന്നെ അദ്ദേഹത്തെ വിശേഷിപ്പിക്കാം. ആദ്യകാലത്ത് പുനരൈക്യപ്പെട്ടവർ അധികം വിഷമതകൾ നേരിട്ടു. നെടിയപറമ്പിൽ തോമസ് സാർ, കൊച്ചുതുണ്ടിയിൽ കുര്യൻ തോമസ്, കൊച്ചുതുണ്ടിയിൽ കെ.വി. മാത്യു (കൊച്ചൂട്ടി) ഇവർ ഓരോ വീടുകൾ കയറി പുനരൈക്യത്തെപ്പറ്റി സംവാദം നടത്തുകയും, പുനരൈക്യം ദൈവഹിതം ആണെന്ന് സ്ഥാപിക്കുവാനും ശ്രമിച്ചിരുന്നു. 1930 ഡിസംബർ 15 ന് നാരങ്ങാനത്ത് പള്ളിക്കുവേണ്ടി ആദ്യമായിസ്ഥലം വാങ്ങി. 1931-ൽ ഒരു താൽക്കാലിക ഷെഡ് ആരാധനയ്ക്കായി നിർമ്മിച്ചു. വന്ദ്യ ചേപ്പാട് പീലിപ്പോസ് റമ്പാന്റെ നേതൃത്വത്തിൽ ഒരു കൺവൻഷൻ അവിടെ വച്ചു നടത്തി. തുമ്പമൺ ജേക്കബ് പുത്തൻവീട്ടിലച്ചൻ ആ കൺവൻഷനിൽ പ്രാസംഗിക നായിരുന്നു. അനേകം ആളുകൾ കൺവൻഷനിൽ പങ്കെടുക്കുകയും, കുറച്ചുപേർ കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുകയും ചെയ്തു. ഇത് ഒരു വിവാദ സംഭവമായി നാട്ടിൽ.

പ്രതികൂല സാഹചര്യങ്ങളാൽ പുനരൈക്യപ്പെട്ട ഇലന്തൂർ സ്വദേശി ഫാദർ. ഇടിച്ചെറിയാ തോമസ് വടക്കേക്കര 1931-ൽ നാരങ്ങാനം ഇടവകയുടെ ആദ്യ വികാരി ആയി, 1938 വരെ സേവനം ചെയ്തു.

08-12-1935-ൽ പ: അമലോത്ഭവ മാതാവിന്റെ നാമത്തിൽ സ്ഥാപിച്ച സെന്റ് മേരീസ് മലങ്കരകത്തോലിക്കാ പള്ളി തിരുവനന്തപുരം ആർച്ച് ബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി ദൈവാലയ കൂദാശ നിർവഹിച്ചു. പിതാവിനെ കോഴഞ്ചേരി പഴയതെരുവിൽ നിന്ന് അതിമനോഹരമായ ഒരു

സ്വീകരണം നൽകിയാണ് പള്ളിയിലേക്ക് ആനയിച്ചത്, ഒരു ചരിത്ര സംഭവം തന്നെ ആയിരുന്നു. എന്നാൽ ചില കുബുദ്ധികൾ ആ സ്വീകരണം അലങ്കോലപ്പെടുത്തുവാൻ ശ്രമിച്ചെങ്കിലും മലങ്കരയുടെ മക്കൾ ക്ഷമയോട്, ശാന്തമായിതന്നെ അതിനെ തരണം ചെയ്ത് സ്വീകരണം ഭംഗിയാക്കി.

പള്ളി ബംഗ്ലാവ് ജോസഫ് മൈലാടിയച്ചൻ നിർമ്മിച്ചു. 1959-ൽ തോമസ് ഇഞ്ചക്കലോടിയച്ചൻ സെമിത്തേരിക്കുള്ള സ്ഥലം വാങ്ങി., സെമിത്തേരി സ്ഥാപിച്ചു. 1962-ൽ സാമുവേൽ തൈക്കുട്ടത്തിലച്ചൻ പള്ളി മദ്ബഹായും,1972-ൽ ജോഷ്വാ താഴത്തേതിലച്ചൻ പള്ളിയുടെ ചുറ്റുമതിലും പണിതു. 1978-ൽ ഈ ഇടവകയുടെ മകനായ ജോർജ്ജ് പുറത്തുട്ട് അച്ചൻ, നെടിയപറമ്പിൽ ജോൺ ഇഷ്ടദാനമായിതന്ന അരസെന്റ് സ്ഥലത്ത് മാതാവിന്റെ നാമത്തിൽ ഒരു കുരിശടിയും സ്ഥാപിച്ചു. തുടർച്ചയായി 20 വർഷക്കാലം പള്ളിയെ നയിച്ചത് ബഹുമാനപ്പെട്ട ഫിലിപ്പ് സി. പന്തോളിയച്ചനാണ്.

ഈ ദൈവാലയത്തിന്റെ വലിയ സംരംഭമാണ് ഇവിടെ പണിതീർത്ത ജൂബിലിഹാൾ. സാമുവേൽ തോപ്പിലച്ചന്റെ അശ്രാന്ത പരിശ്രമം വഴിയാണ് അത് സാധിച്ചത്. 2003-ൽ ആർച്ചു ബിഷപ്പ് സിറിൽ മാർ ബസ്സോലിയോസ് തിരുമേനി കൂദാശ കർമ്മം നിർവഹിച്ചു.

1935-ൽ സ്ഥാപിതമായ പള്ളി ജീർണ്ണിച്ച അവസ്ഥയിൽ പുതുക്കിപ്പണിയേണ്ടത് കാലത്തിന്റെ ആവശ്യമെന്ന് മനസ്സിലാക്കി സജി മാടമണ്ണിലച്ചൻ 2011 മെയ് 1-ന് പഴയ പള്ളിയുടെ സ്ഥാനത്ത് ശിലാസ്ഥാപനകർമ്മം നടത്തിച്ച്, 2013 നവംബർ 2-ന് പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി മൂറോൻ കൂദാശാകർമ്മം നിർവഹിച്ചു. പള്ളിപണി നടക്കുന്ന കാലത്തുതന്നെ കുരിശടിയോട് ചേർന്ന് ഒരു സെന്റ് സ്ഥലം നെടിയപറമ്പിൽ സജിയോട് വാങ്ങിക്കുകയും ചെയ്തു. രണ്ടരവർഷംകൊണ്ട് മനോഹരമായ ഒരു ദൈവാലയം കൃപയാൽ നിർമ്മിക്കാൻ സാധിച്ചു.

അതിനു ശേഷം വന്ന ഏബ്രഹാം മണ്ണിലച്ചൻ വൈദിക മന്ദിരം പൊളിച്ച് അതേ സ്ഥാനത്ത് തന്നെ പുതിയ വൈദിക മന്ദിരവും, മാതാവിന്റെ കുരിശടിപൊളിച്ച് മാറ്റി അതിനോട് ചേർന്ന ഒരു സെന്റ് സ്ഥലത്ത് മനോഹരമായ മാതാവിന്റെ ഗ്രോട്ടോയും, കൽക്കുരിശും നിർമ്മിച്ചു. പള്ളിയുടെ മുമ്പിലായി ഒരു സ്വർണ്ണ കൊടിമരവും സ്ഥാപിച്ചത്, 2016 സെപ്റ്റംബർ 23-ന് പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ കൂദാശ ചെയ്തു.

1959-ൽ സെമിത്തേരി സ്ഥാപിച്ചെങ്കിലും അവിടേക്ക് പോകുവാൻ വഴിയില്ലാതെ ഇടവക ജനം വളരെ കഷ്ടപ്പെട്ടു. 60 വർഷത്തെ ജനത്തിന്റെ കണ്ണീരോടുള്ള പ്രാർത്ഥനകേട്ട് ദൈവം ഉത്തരം തന്നത് ബിനോയി പുതുപ്പറമ്പിലച്ചനിൽകൂടിയാണ്. 2019 ഡിസംബറിലെ പെരുനാളിനോട് അനുബന്ധിച്ച് സെമിത്തേരി വരെ വാഹനം കയറി ചെല്ലാൻ സൗകര്യത്തോടുകൂടിയ വഴി ഉൽഘാടനം ചെയ്തു. ഇടവകയിലെ ഒരു നിർധന കുടുംബത്തിന് ഭവനം വെയ്ക്കുന്നതിന് 10 സെന്റ് സ്ഥലം, കൊച്ചുതുണ്ടിയിൽ ഏബ്രഹാം ഫിലിപ്പ് (എജി) ഇഷ്ടദാനമായി നൽകി. വീട് ഇടവക ജനങ്ങൾ വെയ്ക്കാനുള്ള ക്രമീകരണങ്ങൾ നടക്കുന്നു.

പരേതനായ ജോർജ്ജ് പുറത്തൂട്ട് അച്ചൻ, പരേത സിസ്റ്റർ സലോമി സി.ഐ.സി മധുര, 20-11-2017-ൽ പുനരൈക്യപ്പെട്ട ബഹു. ഫാദർ ബിറ്റി മാത്യു ചാത്തോത്ത്, ബ്രദർ. സിറിൽ വർഗീസ് തറയിൽ മലയിൽ, ബ്രദർ റ്റോണി ഏബ്രഹാം കാരിക്കൽ മേമുറിയിൽ, സിസ്റ്റർ സുസ്മിത എസ്.ഐ.സി., സിസ്റ്റർ മറിയാം എസ്.ഐ. സി.യും ഈ ഇടവകയുടെ ദൈവ വിളിയാണ്. ഇന്ന് 86 കുടുംബങ്ങൾ ഈ ഇടവകയിൽ കൂടി വരുന്നു.

പുനരൈക്യത്തോളം പഴക്കമുള്ള നാരങ്ങാനം ഇടവക പരിഹാസങ്ങളുടേയും, അതിക്ഷേപത്തിന്റെയും, മാനസ്സിക പീഢനങ്ങളുടേയും നാളുകളിൽ ദൈവത്തോട് ചേർന്ന് നിന്ന് മാതാവിന്റെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥിച്ചതിനാൽ ഇന്ന് നാരങ്ങാനം മലങ്കര കത്തോലിക്കാപള്ളി നാട്ടിൽ അഭിമാനത്തോടെ തല ഉയർത്തി നിൽക്കുന്നു. ഡിസംബർ 8 ന് അമലോത്ഭവ മാതാവിന്റെ തിരുനാൾ പള്ളി പെരുന്നാളായും, സെപ്റ്റംബർ ഒന്നു മുതൽ 8 വരെ മാതാവിന്റെ ജനനപ്പെരുന്നാൾ ചെറിയ പെരുന്നാളായും ഈ ഇടവകയിൽ നടത്തുന്നു.

**ഇടവകയിൽ സേവനം ചെയ്ത വൈദികർ**

| | | |
|---|---|---|
| 1. ഫാ. തോമസ് | വടക്കേക്കര | 15 - 08 - 1931 |
| 2. ഫാ. കോശി | കുഴിയാമണ്ണിൽ | 07 - 09 - 1938 - 07 - 07 - 1941 |
| 3. ഫാ. ഗീവർഗീസ് | ചരിവിലേത്ത് | 13 - 04 - 1940 |
| 4. ഫാ. തോമസ് | ഇഞ്ചക്കലോടി | 12 - 08 - 1940 - 01 - 03 - 1959 |
| 5. ഫാ. ജോസഫ് | മൈലാടിയിൽ | 29 - 12 - 1946 |
| 6. ഫാ. ഏബ്രഹാം | തെക്കേടത്ത് | 28 - 12 - 1952 |
| 7. ഫാ. ഇടുക്കുള | പാണ്ടിയേത്ത് | 23 - 01 - 1955 |
| 8. ഫാ. കുര്യൻ | ഇലഞ്ഞിമറ്റം | 13 - 01 - 1957 |
| 9. ഫാ. കോശി | ചക്കാലമണ്ണിൽ | 04 - 12 - 1960 |
| 10. ഫാ. തോമസ് | പണിക്കർ | 15 - 03 - 1961 |
| 11. ഫാ. സാമുവേൽ | തൈക്കൂട്ടത്തിൽ | 04 - 03 - 1962 |
| 12. ഫാ. ജോഷ്വാ | താഴത്തേതിൽ | 01 - 01 - 1970 |
| 13. ഫാ. സക്കറിയ | ചാങ്ങംകേരി | 08 - 07 - 1973 |
| 14. ഫാ. ജോഷ്വാ | പീടികയിൽ | 12 - 01 - 1977 |
| 15. ഫാ. ഫിലിപ്പ് | തുരുത്തിയിൽ | 14 - 08 - 1977 |
| 16. ഫാ. ജോർജ്ജ് | പുറത്തൂട്ട് | 16 - 10 - 1977 |
| 17. ഫാ. ഫിലിപ്പ് സി. | പന്തോളിൽ | 22 - 02 - 1980 - 31 - 05 - 2004 |
| 18. ഫാ. സി. സി. ജോൺ | ചരിവുപുരയിടത്തിൽ | 24 - 08 - 1999 |
| 19. ഫാ. ശാമുവേൽ | തോപ്പിൽ | 01 - 02 - 2000 |
| 20. ഫാ. ജോസഫ് | പുത്തൻകളം | 01 - 11 - 2004 |
| 21. ഫാ. സജി | മാടമണ്ണിൽ | 11 - 04 - 2010 |
| 22. ഫാ. ഏബ്രഹാം | മണ്ണിൽ | 14 - 06 - 2014 |
| 23. ഫാ. സക്കറിയാ | നെടിയകാലായിൽ | 18 - 06 - 2017 |
| 24. ഫാ. ബിനോയി | പുതുപ്പറമ്പിൽ | 07 - 07 - 2018 |